LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള ഒഴിവുകൾ

169 (1133) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 2011 മാർച്ച് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട് ;

(ബി) ഇങ്ങനെ ഉണ്ടാകാൻ സാധ്യതയുള്ള മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിലാണോ കരാറടിസ്ഥാനത്തിലാണോ ജീവനക്കാർ ജോലി ചെയ്യുന്നത് ; എങ്കിൽ എത്രപേർ ;

(ഡി) കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ തസ്തികകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി. കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്താതെ മാറ്റിവച്ചിരിക്കുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) ഈ തസ്തികകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുവാൻ നടപടി

170 (1134) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചാലക്കുടി ഡിവിഷന് കീഴിലുള്ള ചാലക്കുടി, കൊരട്ടി, പരിയാരം സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ ബാഹുല്യവും ഭൂമിശാസ്ത്രപരമായ വിസ്തൃതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഉപഭോക്താക്കളുടെ എണ്ണം 25000-ൽ കൂടുതലും, വിസ്തൃതി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലും, പ്രത്യേക ഭൂപ്രകൃതിയുമുള്ള സെക്ഷനുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്. പുതുതായി 24 സെക്ഷൻ ഓഫീസുകൾ കൂടി അനുവദിക്കുമെന്ന് ബഹു. വൈദ്യുതി മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പരിയാരം സെക്ഷന്റെ വിഭജനം പരിഗണിക്കുന്ന കാര്യം ബോർഡ് പരിശോധിച്ച് വരുന്നു. ചാലക്കുടി നമ്പർ II, കൊരട്ടി എന്നീ സെക്ഷനുകളുടെ വിഭജനം ബോർഡിന്റെ പരിഗണനയിലില്ല.

കുഴിമതിക്കാട് സബ് എഞ്ചിനീയർ ഓഫീസ് നിലനിർത്തുവാൻ നടപടി

171 (1135) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ മണ്ഡലത്തിലെ കരീപ്ര പഞ്ചായത്ത് കുഴിമതിക്കാട് സബ് എഞ്ചിനീയർ ഓഫീസ് നിർത്തലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസിലെ നിലവിലുള്ള സ്റ്റാഫിനെ കുറയ്ക്കുന്നതിന് നടപടിയെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഓഫീസ് നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കുഴിമതിക്കാട് സബ് എഞ്ചിനീയർ ഓഫീസ് പെരുമ്പുഴ സെക്ഷന്റെ പരിധിയിലാണ് വരുന്നത്. സെക്ഷനിലെ ഉദ്യോഗസ്ഥരാണ് സബ് എഞ്ചിനീയർ ഓഫീസിലെ പ്രവർത്തനം നോക്കിവരുന്നത്. 1-1-2011 മുതൽ സംസ്ഥാനത്തെ 665 സെക്ഷനുകളും മോഡൽ സെക്ഷനുകൾ ആക്കി മാറ്റിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസുകളിലെ പ്രവർത്തനം സബ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് വിംഗ്, ബ്രേക്ക് ഡൗൺ വിംഗ്, റവന്യൂ വിംഗ് എന്നീ മൂന്ന് വിഭാഗങ്ങളായി നടന്നുവരുന്നു. ഇപ്രകാരം മൂന്ന് വിഭാഗങ്ങളുടെയും സേവനം സബ് എഞ്ചിനീയർ ഓഫീസിന്റെ പരിധിയിൽ ലഭിക്കുന്നതാണ്. പ്രസ്തുത സബ് എഞ്ചിനീയർ ഓഫീസിന്റെ പരിധിയിൽ വരുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി പ്രത്യേകമായി ലൈൻമാന്മാരെ സബ് എഞ്ചിനീയർ ഓഫീസിൽ നിലനിർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly